# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T 2357

19/07/2016- ലെ മറുപടിയ്ക്ക്

## വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് സംബന്ധിച്ച അപേക്ഷകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ഡോ. കെ.റ്റി. ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി നഗരസഭ, പയ്യോളി നഗരസഭ, ചേമഞ്ചേരി പഞ്ചായത്ത്, മൂടാടി പഞ്ചായത്ത്, തിക്കോടി പഞ്ചായത്ത്, എന്നിവിടങ്ങളിൽ വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് സംബന്ധിച്ച എത്ര അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാകാതെ പരിഗണനയിലിരിക്കുന്നുവെന്ന് പട്ടിക സഹിതം വിശദമാക്കാമോ ; | (എ) | വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് സംബന്ധിച്ച് 31.03.2016 വരെ ലഭിച്ച അപേക്ഷകളിൽ കൊയിലാണ്ടി നഗരസഭയിൽ 58 ഉം, പയ്യോളി നഗരസഭയിൽ 11 ഉം, ചേമഞ്ചേരി പഞ്ചായത്തിൽ 24 ഉം, മൂടാടി പഞ്ചായത്തിൽ 21 ഉം, തിക്കോടി പഞ്ചായത്തിൽ 12 ഉം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. 01.04.2016 ന് ശേഷം കൊയിലാണ്ടി നഗരസഭയിൽ 27 ഉം, പയ്യോളി നഗരസഭയിൽ 16 ഉം, ചേമഞ്ചേരി പഞ്ചായത്തിൽ 13 ഉം, മൂടാടി പഞ്ചായത്തിൽ 28 ഉം തിക്കോടി പഞ്ചായത്തിൽ 19 ഉം, അപേക്ഷകൾ പരിഗണിക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി എന്ന് തീർപ്പാക്കുമെന്ന് വിശദമാക്കാമോ ? | (ബി) | കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 30.3.16-ൽ അവസാനിക്കുകയും തുടർന്ന് പുതിയ അതോറിറ്റി രൂപീകരിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം 10.6.2016 ലാണ് നിലവിൽ വരുകയും ചെയ്തത്. ആയതിനാൽ അതോറിറ്റി പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് അപേക്ഷകൾ സമയബന്ധിതമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ